## (6) ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

2016 ജൂലൈ 18-ാം തീയതി സ്റ്റാറ്റ്യൂട്ടറി പ്രമേയത്തിനുമുമ്പ് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 166-ാം ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തുവച്ച എസ്.ആർ.ഒ. നം.56/2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് മലയാളത്തിലും ചട്ടങ്ങൾ ഇംഗ്ലീഷിലുമാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും മലയാളഭാഷ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചിട്ടുള്ളതും മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിന് ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ സഭയിൽത്തന്നെ ഇങ്ങനെയുള്ള ലംഘനങ്ങൾ നടത്തുന്നത് ഗൗരവമായെടുത്ത് ഇത് ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

'ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്-2015'-പ്രകാരം 30.5.2015-ൽ പുറപ്പെടുവിച്ച ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണ് പ്രസിദ്ധീകരിച്ചതെന്നും പ്രസ്തുത ഓർഡിനൻസിന് പകരമായി 2015-ലെ 'കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട്' നിയമസഭ മലയാള ഭാഷയിൽ പാസ്സാക്കിയെങ്കിലും റിക്രൂട്ട്മെന്റ് ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും പ്രസ്തുത ചട്ടങ്ങൾ മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താൻ സർക്കാർ

നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ ഭാവിയിൽ പ്രസ്തുത ആക്ടിനും ചട്ടങ്ങൾക്കും പ്രസക്തിയില്ലാതാകുമെന്നും ഇത്തരം പിശകുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ഭരണഘടനയുടെ അനുച്ഛേദം 213 പ്രകാരം ഗവർണ്ണർ പുറപ്പെടുവിച്ച 'ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്-2015' മലയാളഭാഷയിലാണ് പുറപ്പെടുവിച്ചതെങ്കിലും അതിൻപ്രകാരമുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നൽകിയ വിശദീകരണം തൃപ്തികരമല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിന് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നുവെങ്കിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും വേണം. 'സബോർഡിനേറ്റ് ലെജിസ്ലേഷൻ' എന്ന പ്രക്രിയയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ സാധുത പരിശോധിക്കാൻ നിയമസഭാ നടപടി ചട്ടപ്രകാരം ബന്ധപ്പെട്ട സഭാസമിതികൾക്ക് ലഭ്യമായിട്ടുള്ള അധികാരങ്ങൾ

---

* XIV KLA/I Session Vol.162 Report No. 14 dated 18-07-2016

തമസ്കരിക്കുന്ന തരത്തിലുള്ള ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകരുത്. നിയമസഭ പാസ്സാക്കുന്ന ഒറിജിനൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാള ഭാഷയിൽത്തന്നെ പുറപ്പെടുവിക്കണമെന്ന് റൂൾ ചെയ്യുന്നു.”